مجلس التعليم الوطني لسمستا

SAMASTHA National Education Council (SNEC)

(Under : Samastha Kerala Islam Matha Vidyabhyasa Board)

Calicut- 03, PH: 8590555455, 7012007272


# SNEC

# മാനേജ്മെന്റ് മാന്വൽ

www.snec.in

# മാനേജ്മെന്റ് മാന്വൽ

# മാനേജ്മെന്റ് മാന്വൽ

പാരമ്പര്യത്തിലൂന്നിയതും പുതിയകാലത്തോട് സംവദിക്കുന്നതുമായ വ്യതിരിക്തവും വൈവിധ്യപൂർണവും ഗുണമേൻമ ഉറപ്പിക്കുന്നതുമായ വിദ്യാഭ്യാസ പദ്ധതികൾ, അക്കാദമിക പ്രവർത്തനങ്ങളുടെ ആവിഷ്കരണം, ഏകീകരണം തുടങ്ങിയ ബഹുമുഖ പദ്ധതികൾക്കായി സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ നിർദേശ പ്രകാരം സമസ്ത കേരള ഇസ്‌ലാം മതവിദ്യാഭ്യാസ ബോർഡ് 2023 ൽ രൂപം നൽകിയതാണ് സമസ്ത നാഷനൽ എഡ്യുക്കേഷൻ കൗൺസിൽ അഥവാ SNEC . കോഴിക്കോട് ഫ്രാൻസിസ് റോഡിലെ സമസ്ത കാര്യാലയത്തിലാണ് നിലവിൽ SNEC ആസ്ഥാനം.

## 1– ലക്ഷ്യങ്ങൾ

1.1സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആശയാദർശങ്ങളിൽ ഉറച്ച് നിന്ന്, മാറിവരുന്ന ഭൗതിക സാഹചര്യങ്ങളെ മനസിലാക്കാനും അവയോട് സംവദിക്കാനും കഴിവുള്ള വിദ്യാർഥി- വിദ്യാർഥിനികളെ സജ്ജമാക്കുക.

1.2- സാമൂഹ്യ ക്ഷേമത്തിനും രാഷ്ട്ര അഭിവൃദ്ധിക്കും ഇസ്‌ലാമിക മൂല്യങ്ങളുടെ പ്രചാരണത്തിനും പ്രാപ്തരായ തലമുറയെ സൃഷ്ടിക്കുക.

1.3- സമസ്തയുടെ ആശയാദർശങ്ങൾ ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കിടയിൽ പാഠ്യപദ്ധതിയിലും ഭരണ നിർവഹണത്തിലും ഏകീകരണവും കൂട്ടായ്മയും ഉറപ്പുവരുത്തുക.

1.4- പുതുതായി സ്ഥാപനം തുടങ്ങുന്നവർക്കും നിലവിലുള്ള സ്ഥാപനം സമസ്ത നാഷനൽ എഡ്യുക്കേഷൻ കൗൺസിലുമായി അഫിലിയേഷൻ ചെയ്യുന്നവർക്കും ആവശ്യമായ ഉപദേശ നിർദേശങ്ങൾ നൽകുക.

1.5- SNECയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അക്കാദമിക പ്രവർത്തനങ്ങളും അഡ്മിനിസ്ട്രേറ്റീവ് രീതികളും കാര്യക്ഷമമാക്കുക.

1.6- SNECയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നൽകുക.

1.7- പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിലെ കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

1.8- ധാർമിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഭൗതിക വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.

## 2– അഫിലിയേഷൻ മാനദണ്ഡങ്ങൾ

2.1സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ (S1/1934/35) ആശയാദർശങ്ങൾ അംഗീകരിക്കുകയും നിർദേശങ്ങൾ പിന്തുടരുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കാണ് അഫിലിയേഷന് അർഹതയുണ്ടാകൂ.

2.2- അഫിലിയേഷന് അപേക്ഷിക്കുന്ന സ്ഥാപനത്തിന് നിർബന്ധമായും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഭരണസമിതി (മാനേജ്മെൻറ്) ഉണ്ടായിരിക്കേണ്ടതാണ്.

2.3- കോഴ്സ് കാലാവധിയിൽ പൂർണ്ണമായും സ്ഥാപനം പ്രവർത്തിക്കേണ്ടതും ഇടക്കാലത്ത് നിർത്തിവെക്കാൻ പാടില്ലാത്തതുമാണ്.

2.4- SNEC നിർദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയതിനു ശേഷം മാത്രം അഫിലിയേഷൻ അപേക്ഷ സമർപ്പിക്കുക.

2.5- SNEC നിർദ്ദേശിക്കുന്ന മുഴുവൻ മാനദണ്ഡങ്ങളും അടിസ്ഥാന സൗകര്യങ്ങളും പരിശോധനാ വിധേയമാക്കിയതിനു ശേഷം മാത്രമേ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ അനുവദിക്കുകയുള്ളൂ.

2.6- കൗൺസിലിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കാദമിക മികവും അടിസ്ഥാന സൗകര്യങ്ങളും വിലയിരുത്തി നിശ്ചിത കാലയളവിൽ ഗ്രേഡ് നൽകുന്നതാണ്.

2.7- അംഗീകാരം ലഭിച്ച മുഴുവൻ സ്ഥാപനങ്ങളുടെയും പാഠ്യപദ്ധതി, പരീക്ഷകൾ, പഠ്യേതര പ്രവർത്തനങ്ങൾ എന്നിവ പൂർണമായും കൗൺസിലിന്റെ നിയമാവലി അനുസരിച്ച് ചിട്ടപ്പെടുത്തേണ്ടതാണ്.

2.8- SNEC മാന്വൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടാതിരിക്കുകയോ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം സ്ഥാപനത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനുള്ള അധികാരം SNEC യിൽ നിക്ഷിപ്തമായിരിക്കും.

2.9- അഫിലിയേഷൻ സമയത്ത് ആവശ്യമായ SNEC മാന്വൽ നിർദ്ദേശിക്കുന്ന യോഗ്യരായ ടീച്ചിങ്, നോൺ- ടീച്ചിങ് സ്റ്റാഫിന്റെ ലഭ്യത ഉറപ്പുവരുത്തി SNECയെ ബോധ്യപ്പെടുത്തേണ്ടതാണ്.

2.10- തുടക്കത്തിൽ നൽകപ്പെടുന്ന അഫിലിയേഷൻ താൽക്കാലികവും SNEC നിഷ്കർഷിക്കുന്ന പ്രകാരം ഒരു ബാച്ച് പൂർത്തിയാകുന്ന മുറക്ക് സ്ഥാപനങ്ങൾക്ക് പെർമനൻറ് അഫിലിയേഷനും നേടാവുന്നതുമാണ്.

2.11- SNECയിലേക്കുള്ള പ്രതിമാസ അഫിലിയേഷൻ ഫീ സ്ഥാപനം അടക്കേണ്ടതാണ്.

## 3 – അഫിലിയേഷനുള്ള അപേക്ഷ, അംഗീകാരം

3.1അഫിലിയേഷന് വേണ്ടി സ്ഥാപന മാനേജ്മെൻറ് നിർദിഷ്ട ഫോമിൽ അപേക്ഷ നൽകിയിരിക്കേണ്ടതാണ്.
3.2 – അപേക്ഷയോടൊപ്പം അനുബന്ധ രേഖകളുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
3.3 – അപേക്ഷയോടൊപ്പം നിശ്ചിത അപേക്ഷ ഫീസ് നൽകേണ്ടതാണ് (NON-REFUNDABLE).
3.4അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം കൗൺസിൽ നിശ്ചയിക്കുന്ന സമിതി സ്ഥാപനം സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങളും മറ്റും ഉറപ്പുവരുത്തുന്നതാണ്.
3.5 – സമിതിയുടെ പരിശോധന കഴിഞ്ഞ് രണ്ടാഴ്ചക്കകം അപേക്ഷയുടെ മേൽ എടുക്കുന്ന തീരുമാനം സ്ഥാപന കമ്മറ്റിയെ അറിയിക്കുന്നതാണ്.

## 4 – കോഴ്സുകൾ

നിലവിൽ ആറു സ്ട്രീമുകളിലുള്ള കോഴ്സുകളാണ് SNEC ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.
4.1 – ശരീഅ സ്ട്രീം (ആൺകുട്ടികൾക്ക്) : രണ്ടു വർഷ പ്രിലിമിനറി, നാല് വർഷ ഡിഗ്രി, രണ്ടു വർഷ പി.ജി. എന്ന ഘടനയിൽ ആഴത്തിലുള്ള എട്ടു വർഷത്തെ മതപഠനം. പുറമെ +2, UGC അംഗീകരിക്കുന്ന ഡിഗ്രി, പി.ജി എന്നിവ കോഴ്സ് കാലാവധിയിൽ വിദ്യാർത്ഥി കരസ്ഥമാക്കുന്നു.
4.2 – ഷീ സ്ട്രീം (പെൺകുട്ടികൾക്ക്) : രണ്ടു വർഷ പ്രിലിമിനറി, മൂന്ന് വർഷ ഡിഗ്രി, രണ്ടു വർഷ പി.ജി എന്ന ഘടനയിൽ പെൺകുട്ടികൾക്ക് ഉപകാരപ്രദവും പ്രയോജനപ്പെടുന്നതുമായ ആഴത്തിലുള്ള ഏഴു വർഷത്തെ മതപഠനം. പുറമെ +2, UGC അംഗീകരിക്കുന്ന ഡിഗ്രി എന്നിവ കോഴ്സ് കാലാവധിയിൽ വിദ്യാർത്ഥിനി കരസ്ഥമാക്കുന്നു.
4.3 – ലൈഫ് സ്ട്രീം (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും) : ദീനീ ബോധമുള്ള മികച്ച പ്രൊഫഷനലുകളെ വാർത്തെടുക്കുകയാണ് ഈ സ്ട്രീമിൻറെ ലക്ഷ്യം. ആകെ ഏഴു വർഷം. +2, ഡിഗ്രി, പി.ജി
4.4 – ശരീഅ പ്ലസ് സ്ട്രീം (ആൺകുട്ടികൾക്ക്): മൂന്നു വർഷ സെക്കണ്ടറി, രണ്ടു വർഷ പ്രിലിമിനറി, മൂന്നു വർഷ ഡിഗ്രി, രണ്ടു വർഷ പി.ജി. എന്ന ഘടനയിൽ ആഴത്തിലുള്ള പത്തു വർഷത്തെ മതപഠനം. പുറമെ SSLC, +2, UGC അംഗീകരിക്കുന്ന ഡിഗ്രി, പി.ജി എന്നിവ കോഴ്സ് കാലാവധിയിൽ വിദ്യാർത്ഥി കരസ്ഥമാക്കുന്നു.
4.5 – ഷീ പ്ലസ് സ്ട്രീം (പെൺകുട്ടികൾക്ക്) : മൂന്നു വർഷ സെക്കണ്ടറി, രണ്ടു വർഷ പ്രിലിമിനറി, മൂന്ന് വർഷ ഡിഗ്രി എന്ന ഘടനയിൽ പെൺകുട്ടികൾക്ക് ഉപകാരപ്രദവും പ്രയോജനപ്പെടുന്നതുമായ ആഴത്തിലുള്ള എട്ടു വർഷത്തെ മതപഠനം. പുറമെ +2, UGC അംഗീകരിക്കുന്ന ഡിഗ്രി എന്നിവ കോഴ്സ് കാലാവധിയിൽ വിദ്യാർത്ഥിനി കരസ്ഥമാക്കുന്നു.
4.6 – ലൈഫ് പ്ലസ് സ്ട്രീം (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും) : ദീനീ ബോധമുള്ള മികച്ച പ്രൊഫഷനലുകളെ വാർത്തെടുക്കുകയാണ് ഈ സ്ട്രീമിൻറെ ലക്ഷ്യം. ആകെ പത്തു വർഷം. SSLC, +2, ഡിഗ്രി, പി.ജി
4.4 – ഒരു അധ്യയന വർഷത്തെ പ്രവൃത്തി ദിനങ്ങൾ – 245 (വർഷാദ്യ സെമസ്റ്റർ – 109, വർഷാന്ത്യ സെമസ്റ്റർ – 136)

## 5. അടിസ്ഥാന സൗകര്യങ്ങൾ

5.1 ഓഫീസ്
5.1.1 – അഫിലിയേഷൻ ആവശ്യപ്പെടുന്ന സ്ഥാപനത്തിന് സ്വന്തമായി ഒരു ഓഫീസ് ഉണ്ടായിരിക്കേണ്ടതാണ്.
5.1.2 – ആവശ്യമായ ഫർണിച്ചറുകൾ, ഒരു ഓഫീസ് ചുമതലക്കാരൻ, ഫോൺ, കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ തുടങ്ങിയ സൗകര്യങ്ങൾ ഓഫീസിനകത്ത് ഉണ്ടാവേണ്ടതാണ്.
5.1.3 – SNEC നിർണയിക്കുന്ന എല്ലാ പ്രവൃത്തി ദിവസവും ഓഫീസ് തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
5.1.4 – അഫിലിയേഷൻ ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് SNEC നൽകുന്ന താഴെ പറയുന്ന ഫയലുകൾ നിർബന്ധമായും ഓഫീസിൽ ഉണ്ടായിരിക്കേണ്ടതാണ്.

| No | **FILES & RECORDS** |
|---|---|
| 1 | STUDENTS ATTENDANCE |
| 2 | OUTWARD REGISTER |
| 3 | INWARD REGISTER |
| 4 | STAFF ATTENDANCE REGISTER |
| 5 | STAFF MEETING MINUTES |
| 6 | ADMISSION REGISTER |
| 7 | VISITORS DIARY |

| | |
|---|---|
| 8 | MEMO BOOK |
| 9 | APPOINMENT REGISTER |
| 10 | STUDENTS’ MOVEMENT REGISTER |
| 11 | INSPECTION REGISTER |

## SNEC നിഷ്കർഷിക്കുന്ന അടിസ്ഥാന ബൗദ്ധിക സൗകര്യങ്ങളുടെ വിശദാംശം

| SL. NO. | INFRASTRUCTURE | AREA |
|---|---|---|
| 1 | Classroom | 400 sq. ft./classroom |
| 2 | Hostel | 30 sq. ft./student |
| 3 | Staff Hostel | 50 sq. ft./staff |
| 4 | Staff room | 25 sq. ft./staff |
| 5 | Medical Room | 50 sq. ft./classroom |
| 6 | Dining Hall | 10 sq. ft./student |
| 7 | Computer | 10:1 |
| 8 | Bathroom and Toilet | 8:1 |
| 9 | Library | 400 sq. ft. |
| 10 | Auditorium | 1000 sq. ft. |
| 11 | Office | 150 sq. ft. |
| 12 | Principal Office | 100 sq. ft. |
| 13 | Union Office | 100 sq. ft. |
| 14 | Guest Room | 100 sq. ft. |
| 15 | Kitchen & Storeroom | 400 sq. ft. |
| 16 | Prayer hall | All Occupancy |

## 6– സ്റ്റാഫ്

6.1സ്ഥാപനത്തിൽ നിർബന്ധമായും ഒരു പ്രിൻസിപ്പാൾ, പുതുതായി തുടങ്ങുന്ന സ്ഥാപനം ആണെങ്കിൽ ഒരു മുഴുസമയ അധ്യാപകൻ എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്. ഓരോ 25 പീരിയഡിനും ഒരു ഫുൾടൈം അധ്യാപകനെയും 25 ൽ കുറവുള്ള പീരിയഡിന് പാർട്ട് ടൈം അധ്യാപകനെയും നിയമിക്കേണ്ടതാണ്. പ്രിൻസിപ്പാളിന് പരമാവധി 18 പിരീഡ് ആണ് നൽകേണ്ടത്.
6.2 – നിയമിക്കപ്പെടുന്ന ഓരോ സ്റ്റാഫിനും തൻറെ സേവനം നിർവഹിക്കുന്നതിന് ആവശ്യമായ യോഗ്യതയും പരിചയവും ഉണ്ടെന്ന് മാനേജ്മെൻറ് ഉറപ്പുവരുത്തേണ്ടതാണ്.
6.3 – സാനവിയ്യ (12 വർഷം), ബകാലൂരിയ്യ (ഡിഗ്രി) എന്നീ ഘട്ടങ്ങളിൽ ലക്ചറർ, ജൂനിയർ ലെക്ചറർ, സീനിയർ ലെക്ചറർ എന്നീ തസ്തികകളിൽ ആയിരിക്കും അധ്യാപകർ നിയമിതരാവേണ്ടത്. മുകളിൽ പറഞ്ഞവരുടെ യോഗ്യതകൾ താഴെപ്പറയും പ്രകാരമാണ്.

| തസ്തിക | മാനദണ്ഡം |
|---|---|
| ജൂനിയർ ലെക്ച്ചറർ | **ഇസ്‌ലാമികം** : മുഖ്ത്വസർ/മുത്വവ്വൽ ബിരുദം<br>**ഭൗതികം** : ക്ലാസെടുക്കുന്ന വിഷയങ്ങളിൽ പി.ജി |
| ലെക്ച്ചറർ | **ഇസ്‌ലാമികം** : മുഖ്ത്വസർ/മുത്വവ്വൽ ബിരുദം & 3-5 വർഷത്തെ അധ്യാപന പരിചയം<br>**ഭൗതികം** : ക്ലാസെടുക്കുന്ന വിഷയങ്ങളിൽ പി.ജി & 3-5 വർഷത്തെ അധ്യാപന പരിചയം |
| സീനിയർ ലെക്ച്ചറർ | **ഇസ്‌ലാമികം** : മുഖ്ത്വസർ/മുത്വവ്വൽ ബിരുദം & 5-8 വർഷത്തെ അധ്യാപന പരിചയം<br>**ഭൗതികം** : ക്ലാസെടുക്കുന്ന വിഷയങ്ങളിൽ പി.ജി & 5-8 വർഷത്തെ അധ്യാപന പരിചയം |

മാജിസ്തീർ ഘട്ടത്തിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകൾ ആയിരിക്കും ഉണ്ടാവുക. ഇവരുടെ യോഗ്യതകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| അസ്സിസ്റ്റന്റ് പ്രൊഫസർ | **ഇസ്‌ലാമികം** : മുഖ്ത്വസർ/മുത്വവ്വൽ ബിരുദം & 8–10 വർഷത്തെ അധ്യാപന പരിചയം / PhD in any discipline.<br>**ഭൗതികം** : ക്ലാസെടുക്കുന്ന വിഷയങ്ങളിൽ പി.ജിയും NET യോഗ്യതയും / 35 വർഷത്തെ അധ്യാപന പരിചയം / PhD |
| അസോസിയേറ്റ് പ്രൊഫസർ | **ഇസ്‌ലാമികം** : മുഖ്ത്വസർ/മുത്വവ്വൽ ബിരുദം & 10–15 വർഷത്തെ അധ്യാപന പരിചയം / 58 വർഷത്തെ അധ്യാപന പരിചയവും PhD യും<br>**ഭൗതികം** : ക്ലാസെടുക്കുന്ന വിഷയങ്ങളിൽ പി.ജിയും NET യോഗ്യതയും / 8-10 വർഷത്തെ അധ്യാപന പരിചയം / 5 വർഷത്തെ അധ്യാപന പരിചയവും PhD യും |
| പ്രൊഫസർ | **ഇസ്‌ലാമികം** : മുത്വവ്വൽ ബിരുദം & 15+ വർഷത്തെ അധ്യാപന പരിചയം / 8+ വർഷത്തെ അധ്യാപന പരിചയവും PhD യും<br>**ഭൗതികം** : ഏതെങ്കിലും വിഷയത്തിൽ PhD യും 8+ വർഷത്തെ അധ്യാപന പരിചയവും |

6.4മുഴുവൻ ടീച്ചിങ് സ്റ്റാഫുകളെയും ഉൾക്കൊള്ളിച്ചകൊണ്ടുള്ള ഒരു സ്റ്റാഫ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ പാഠ്യ, പാഠ്യേതര വിഷയങ്ങളിലെ പുരോഗതിക്കു വേണ്ട കാര്യങ്ങൾ സമയ ബന്ധിതമായി ആസൂത്രണം ചെയ്യാനും ആവശ്യങ്ങൾ മാനേജ്മെൻറിനെ അറിയിക്കാനും സ്റ്റാഫ് കൗൺസിൽ മാസത്തിൽ ഒരു തവണ യോഗം കൂടേണ്ടതാണ്.
6.5 - വിദ്യാർത്ഥികളുടെ തർബിയത്തിന് ഉസ്താദുമാർക്ക് പ്രത്യേക ഡ്യൂട്ടികൾ നൽകേണ്ടതാണ്.
6.6 - ഭൗതിക വിഷയങ്ങൾ പഠിപ്പിക്കാനും പ്രത്യേക പരിശീലനങ്ങൾ നൽകാനും മുഴുസമയ/ ഭാഗിക സമയ അധ്യാപകരെയോ പരിശീലകരെയോ നിയമിക്കേണ്ടതാണ്.

## 7. സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ

7.1സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ കരിക്കുലർ, കോ കരിക്കുലർ കുറ്റമറ്റതാക്കാനും കലാ മത്സരങ്ങൾ സംഘടിപ്പിക്കാനും ഒരു സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ ഉണ്ടാവേണ്ടതാണ്.
7.2 - സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ ആവശ്യമായ ഓഫീസ്, ഫർണിച്ചർ കംപ്യൂട്ടർ സൗകര്യങ്ങളോടെ ചെയ്തു കൊടുക്കേണ്ടതാണ്.
7.3 - സ്ഥാപനത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഒന്നിച്ചു കൂടുവാൻ കഴിയുന്ന ഓഡിറ്റോറിയമോ തതുല്യ സംവിധാനമോ സൗകര്യപ്പെടുത്തേണ്ടതാണ്.

## 8. അവധി

**8.1– വിദ്യാർത്ഥികളുടെ അവധി** : അക്കാദമിക് കലണ്ടറിൽ നിർദ്ദേശിക്കപ്പെടുന്ന 3 ദിവസമുള്ള മാസാന്ത ലീവിന് പുറമെ അനുവദിക്കപ്പെടുന്ന അവധികൾ താഴെ പറയും പ്രകാരമാണ്.
**8.1.1–** അഡീഷണൽ ലീവ് = 6 ദിവസം/ സെമസ്റ്റർ (അടിയന്തിര സാഹചര്യങ്ങളിൽ മെന്റർ/ പ്രിൻസിപ്പാൾക്ക് ബോധ്യപ്പെടുന്ന പക്ഷം 6 ലീവ് വരെ അനുവദിക്കാവുന്നതാണ്)
**8.1.2–** മെഡിക്കൽ ലീവ് = 15 ദിവസം/ സെമസ്റ്റർ (സ്ഥാപന മേധാവിക്ക് ബോധ്യപ്പെടുന്ന രൂപത്തിൽ മെഡിക്കൽ രേഖകൾ ഹാജരാക്കേണ്ടതാണ്)
**8.1.3–** നികാഹ്/ വിവാഹം = 3+7 (സ്വന്തം നിക്കാഹിന് 3 പ്രവൃത്തി ദിവസവും വിവാഹത്തിന് 7 പ്രവൃത്തി ദിവസവും ലീവ് എടുക്കാവുന്നതാണ്).
**8.2– അധ്യാപകരുടെ അവധി** :
**8.2.1–** കാഷ്വൽ ലീവ് = 15 പ്രവൃത്തി ദിനം (വർഷത്തിൽ)
**8.2.2–** ഓൺ ഡ്യൂട്ടി ലീവ് : SNEC യുടെയും സ്ഥാപനത്തിന്റെയും ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ദിനങ്ങൾ.
**8.2.3–** മെഡിക്കൽ ലീവ് : 20 പ്രവൃത്തി ദിനങ്ങൾ(വർഷത്തിൽ) സ്ഥാപന മേധാവിക്ക് ബോധ്യപ്പെടുന്ന രൂപത്തിൽ മെഡിക്കൽ രേഖകൾ ഹാജരാക്കേണ്ടതാണ്.
**8.2.4–** എടുക്കാത്ത കാഷ്വൽ ലീവിന് ആനുപാതികമായി വർഷാവസാനത്തിൽ വേതനം നൽകേണ്ടതാണ്.

## 9 – പൊതുനിർദ്ദേശങ്ങൾ

**9.1–** കമ്മറ്റിക്ക് പുറമെ വിദ്യാഭ്യാസ പ്രവർത്തകർ ഉൾപ്പെടുന്ന ഒരു അക്കാദമിക് സമിതി രൂപീകരിക്കുക. അക്കാദമിക് കൺവീനറുടെ കീഴിലായിരിക്കണം സമിതി പ്രവൃത്തിക്കേണ്ടത്.
**9.2–** സ്ഥാപനം തുടങ്ങാനുള്ള യോഗ തീരുമാനം മിനുട്ട്സിൽ രേഖപ്പെടുത്തി സൂക്ഷിക്കുക.
**9.3–** ഏതൊരു പദ്ധതിയുടെയും തുടക്കത്തിൽ ഉണ്ടാവുന്ന ബാലാരിഷ്ടതകളെ മുൻകൂട്ടി മനസ്സിലാക്കുക.
**9.4–** ഇതോടൊപ്പമുള്ള പ്രോസ്പെക്ടസ് നന്നായി വായിച്ച് കോഴ്സുകളെയും പഠന രീതികളെയും മനസ്സിലാക്കുക.
**9.5–** SNEC ഓഫീസുമായുള്ള ആശയവിനിമയം കാര്യക്ഷമമാക്കുക.
**9.6–** സേവന സംബന്ധമായ എല്ലാ വിഷയങ്ങളിലും സ്ഥാപന കമ്മറ്റികൾ
മാനേജ്മെൻറ് മാന്വൽ ആധാരമാക്കേണ്ടതാണ്.
**9.7–** പ്രത്യേകമായി വിളിച്ചു ചേർക്കുന്ന മാനേജ്മെൻറ് യോഗത്തിൽ നിർദിഷ്ട അംഗങ്ങളെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്.
**9.8–** SNEC വിളിച്ചു ചേർക്കുന്ന യോഗങ്ങൾ, ട്രെയിനിങ്, വർക്ഷോപ് തുടങ്ങിയവയിൽ പങ്കെടുക്കുന്ന പ്രിൻസിപ്പാൾ, അധ്യാപകർ, അനധ്യാപകർ എന്നിവർക്ക് ഡ്യൂട്ടി ലീവും യാത്രാ ചെലവും നൽകേണ്ടതാണ്.
**9.9–** പരിശോധനയ്ക്കായി കൗൺസിൽ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ, പരീക്ഷയുടെ മേൽനോട്ടത്തിനായി നിയോഗിക്കപ്പെടുന്നവർ തുടങ്ങിയവർക്ക് കൗൺസിൽ നിർദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.
**9.10–** സ്ഥാപനത്തിൻറെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വേണ്ടി കമ്മറ്റി ഭാരവാഹികളുടെ പ്രതിനിധി അധ്യയന വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും സ്റ്റാഫ് കൗസിലുമായി ഔദ്യോഗിക ചർച്ചകൾ നടത്തേണ്ടതാണ്.
**9.11–** SNEC കൗൺസിലിൻറെ വിസിറ്റിങ് സമയത്ത് കമ്മറ്റിയുടെ ഔദ്യോഗിക പ്രതിനിധി സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.
**9.12–** SNEC കൗൺസിലുമായി ബന്ധപ്പെട്ട അക്കാദമികേതര കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ കമ്മറ്റിയിൽ നിന്നും ഒരാളെ പ്രത്യേകമായി ഉത്തരവാദിപ്പെടുത്തേണ്ടതാണ്.
**9.13–** സ്ഥാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഒരു പി.ടി.എ രൂപീകരിക്കാൻ കമ്മറ്റി മുൻകൈ എടുക്കേണ്ടതാണ്.
**9.14–** അഡ്മിഷൻ ഫീസ് താഴെ പറയും പ്രകാരമായിരിക്കും.

- ശരീഅഃ & ഷീ സ്ട്രീം : 2,000 രൂപ (SNEC അഡ്മിഷൻ ഫീ 1000, സ്ഥാപന അഡ്മിഷൻ ഫീ 1000)
- ലൈഫ് സ്ട്രീം : 10,000 രൂപ (SNEC അഡ്മിഷൻ ഫീ 5000, സ്ഥാപന അഡ്മിഷൻ ഫീ 5000)

**9.15–** വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കൽ ആവശ്യമാണെങ്കിൽ മാനേജ്മെൻറിന് അപ്രകാരം ചെയ്യാവുന്നതാണ്. ഈടാക്കുന്ന ഫീസ് ശരീഅഃ, ഷീ സ്ട്രീമിൽ ഒരു മാസം 3000 രൂപയിൽ കവിയാൻ പാടില്ല. ലൈഫ് സ്ട്രീമിലെ ഫീസ് സ്ഥാപനത്തിലെ സൗകര്യങ്ങൾ വിലയിരുത്തിയതിന് ശേഷം SNEC സ്ഥാപന മാനേജുമെന്റുമായി കൂടിയാലോചിച്ച് ഓരോ വർഷവും നിശ്ചയിക്കുന്നതായിരിക്കും.
**9.16–** വിദ്യാർത്ഥികൾക്ക് കുടിക്കാൻ ശുദ്ധമായ വെള്ളം, സുരക്ഷയ്ക്കായി ചുറ്റുമതിൽ, ഇലക്ട്രിക് സർക്യൂട്ട് ബ്രേക്കർ, പവർ ബാക്കപ്പ് സൗകര്യം, ഫയർ ആൻഡ് സേഫ്റ്റി എന്നിവ സംവിധാനിക്കേണ്ടതാണ്.

## 10 – മാർഗനിർദ്ദേശക തത്വങ്ങൾ

SNECയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ ഭരണപരവും അക്കാദമികവുമായ മികവുകൾ യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന കാര്യങ്ങളുമായി മാനേജ്മെൻറ് സഹകരിക്കേണ്ടതാണ്.

**10.1–** SNECക്ക് കീഴിലെ സ്ഥാപനങ്ങളുടെ മാസാന്ത വർഷാന്ത ലീവുകൾ ഏകീകരിക്കുക.

**10.2–** അധ്യാപകരുടെ വൈജ്ഞാനിക പരിപോഷണത്തിനും പരിശീലനത്തിനുമായി ഇൻ സർവീസ് കോഴ്സുകൾ, ട്രെയിനിങ്ങുകൾ എന്നിവ ഏർപ്പെടുത്തുക.

**10.3–** വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ഇൻ സർവീസ് കോഴ്സുകൾ, പൊതുസമൂഹത്തിലെ ഇടപെടലുകൾ എന്നിവ അടിസ്ഥാനമാക്കി ശമ്പള സ്കെയിലുകൾ ഏകീകരിക്കുതിനുള്ള മാനദണ്ഡങ്ങൾ ആവിഷ്കരിക്കുക.

## 11– നിയമ സാധുത

**11.1–** മാനേജ്മെൻറ് മാന്വലിന് വിരുദ്ധമായുണ്ടാകുന്ന നീക്കങ്ങൾ അക്കാദമിക കൗൺ സിലിൻറെ ചർച്ചകൾ, പരിശോധനകൾ, അന്വേഷണങ്ങൾ എന്നിവക്കു ശേഷം പരമാവധി അഫിലിയേഷൻ പിൻവലിക്കുന്നത് വരെയുള്ള നടപടികൾക്ക് വിധേയമാക്കുന്നതാണ്.

**11.2–** ഈ മാന്വലിൽ ഏത് തരത്തിലുള്ള മാറ്റത്തിരുത്തലുകൾ വരുത്തുന്നതിനും അക്കാദമിക് കൗൺസിലിൻറെ അംഗീകാരം നേടിയിരിക്കേണ്ടതാണ്.

★★★